**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3902 — 26.06.2013-ൽ മറുപടിയ്ക്ക്

**ഡെങ്കിപ്പനി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഡെങ്കിപ്പനി വ്യാപകമാകുന്നത് മൂലം ജനങ്ങൾക്കുണ്ടാകുന്ന അവശതയും ബുദ്ധിമുട്ടും സർക്കാർ ഗൗരവമായിക്കാണുന്നുണ്ടോ ; | (എ) ഗൗരവമായി കാണുന്നുണ്ട്. |
| (ബി) 2013 ജനുവരി മുതൽ ഏപ്രിൽ വരെ സംസ്ഥാനത്ത് എത്ര ഡെങ്കിപ്പനികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതിൽ തിരുവനന്തപുരത്തുമാത്രം എത്രയെണ്ണം ; സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ എത്രയെന്നും പ്രത്യേകം ലഭ്യമാക്കുമോ ; | (ബി) 2013 ജനുവരി മുതൽ ഏപ്രിൽ വരെ സംസ്ഥാനത്ത് 1134 സ്ഥിരീകരിച്ച ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ തിരുവനന്തപുരത്ത് മാത്രം 692 ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തു. സ്വകാര്യ/സർക്കാർ ആശുപത്രികളിലെ കണക്ക് പ്രത്യേകം ശേഖരിച്ചിട്ടില്ല. |
| (സി) 2013 ജനുവരി മുതൽ ജൂൺ വരെ സംസ്ഥാനത്ത് എത്ര ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും അതിൽ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ; ഇതുവരെ എത്ര രോഗികൾ ഡെങ്കിപ്പനിമൂലം മരണമടഞ്ഞുവെന്നും വ്യക്തമാക്കുമോ ? | (സി) 2013 ജനുവരി മുതൽ ജൂൺ 18 വരെ സംസ്ഥാനത്ത് 3449 ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 12 രോഗികൾ ഡെങ്കിപ്പനി മൂലം മരണമടഞ്ഞു. |

സെക്ഷൻ ഓഫീസർ